നം.കെ.എസ്.എ.റ്റി.വി.എം.മിസ്.I/703/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

തീയതി: 04.04.2018

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

സ്റ്റേറ്റ് സെക്രട്ടറി,

ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്,

വികാസ് ഭവൻ.പി.ഒ,

തിരുവനന്തപുരം.

സർ,

വിഷയം: കേരള സ്കൗട്ട്സ് & ഗൈഡ്സിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

കേരള സ്കൗട്ട്സ് & ഗൈഡ്സിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അങ്ങയുടെ അറിവിലേയ്ക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ.

നം.കെ.എസ്.എ.റ്റി.വി.എം./703/മിസ്.I/2017

തീയതി: 04.04.2018

## കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

1. ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ചുമതലപ്പെട്ട : ശ്രീ.വി.എം.മോഹനൻ പിള്ള,

ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും ജോയിന്റ് ഡയറക്ടർ

2. ഓഡിറ്റ് നിർവ്വഹിച്ച ഉദ്യോഗസ്ഥർ : 1. ശ്രീ.മനേഷ്.ബി.എച്ച്.

ഓഡിറ്റ് ഓഫീസർ

2. ശ്രീമതി.ശാലിനി.വി.കെ.

സീനിയർ ഗ്രേഡ് ഓഡിറ്റർ

3. ശ്രീമതി.രേഖ.സി.എസ്.

സീനിയർ ഗ്രേഡ് ഓഡിറ്റർ

4. ശ്രീ.ശരത്.ജെ.ശങ്കർ

ഓഡിറ്റർ

3. ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.03.2018 മുതൽ 26.03.2018 വരെ

നിർവഹണാധികാരികൾ

1. പ്രസിഡന്റ് : i) ശ്രീ. പി.കെ. അബ്ദുറബ്ബ്,

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി

(01.04.2016 മുതൽ 09.01.2017 വരെ)

ii) ശ്രീ.പ്രൊഫ. സി.രവീന്ദ്രനാഥ്,

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി

(10.01.2017 മുതൽ 31.03.2017 വരെ)

2. സ്റ്റേറ്റ് ചീഫ് കമ്മിഷണർ : i) ശ്രീമതി. എം.എസ്. ജയ. ഐ.എ.എസ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

(01.04.2016 മുതൽ 10.01.2017 വരെ)

ii) ശ്രീ.കെ.വി.മോഹൻകുമാർ. ഐ.എ.എസ്.

(11.01.2017 മുതൽ 31.03.2017 വരെ)

3. സ്റ്റേറ്റ് സെക്രട്ടറി : i) ശ്രീ. പി.ടി. സാക്കീർ ഹുസൈൻ

(01.04.2016 മുതൽ 29.09.2016 വരെ)

ii) ശ്രീ.എ.കെ.സജിത്ത്

(30.09.2016 മുതൽ 31.03.2017 വരെ)

4. സ്റ്റേറ്റ് ട്രഷറർ : i) ശ്രീ. ടി.എം. ജലീൽ,

(01.04.2016 മുതൽ 15.01.2017 വരെ)

ii) ശ്രീ.സി.വി. സജീവ് ദത്ത്

(16.01.2017 മുതൽ 31.03.2017വരെ)

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം - 1 | |
| 1 | ഓഡിറ്റിന്ന വിധേയമാക്കിയ കണക്കുകൾ | 1-1 |
| 2 | ആമുഖം | 1-2 |
| | ഭാഗം - 2 | |
| 3 | ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 2-1 |
| 4 | ക്യാൻസൽ ചെയ്ത രസീതിലെ തുക-ക്യാഷ് ബുക്കിൽ ആകെ തുക കണക്കാക്കുന്നതിൽ ഉൾപ്പെടുത്തി | 2-2 |
| | ഭാഗം - 3 | |
| 5 | 1. ക്രമീകരിക്കാത്ത മുൻകൂറുകൾ | 1. 3-1 |
| 6 | ദേശീയ ജാംബോരി 2016 | 3-2 |
| 7 | അമൂല്യമായ പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗിക്കാതെ അവശേഷിക്കുന്നു | 3-3 |
| 8 | ടോക്കൺ ഫ്ലാഗ് വിതരണത്തിലും തുക പിരിച്ചെടുക്കുന്നതിലും ഉള്ള കാലതാമസം സ്ഥാപനത്തിന് വരുമാന നഷ്ടം | 3-4 |
| 9 | ട്രെയിനിംഗ് സെൻററുകളുടെ ആസ്തി സംരക്ഷണം കാര്യക്ഷമമല്ല | 3-5 |
| 10 | ട്രെയിനിംഗ് സെൻററിലെ വാട്ടർചാർജ്ജ് കുടിശ്ശികയിൽ അവ്യക്തത | 3-6 |
| 11 | ഓഫീസ് വാഹനങ്ങൾ പരിപാലിക്കുന്നതിൽ വീഴ്ച | 3-7 |

| | | |
|---|---|---|
| 12 | പൊതു മരാമത്ത് ചട്ടം പാലിക്കാതെ പ്രവൃത്തി നടപ്പാക്കി | 3-8 |
| 13 | കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 3-9 |
| 14 | ഇ ടെൻഡർ നടപ്പാക്കാതെ വാങ്ങലുകൾ നടത്തി | 3-10 |
| 15 | IMF- തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല | 3-11 |
| 16 | ജില്ല/ലോക്കൽ അസോസിയേഷനുകളുടെ രജിസ്ട്രേഷൻ പുതുക്കൽ എന്നിവ കൃത്യമായിനടക്കുന്നില്ല | 3-12 |
| 17 | ഡോർമെറ്ററി സേവനങ്ങൾക്ക് വാടക - രേഖകൾ അവ്യക്തം | 3-13 |
| 18 | ലോഗ് ബുക്ക് വില്പന - വരവ് അക്കൗണ്ട് ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം | 3-14 |
| 19 | മുൻകൂറുകൾ നൽകുമ്പോൾ പ്രതീക്ഷിത ചെലവ് കണക്കാക്കുന്നതിൽ അപാകത | 3-15 |
| 20 | വാട്ടർ ചാർജ് അധികം ഒടുക്കേണ്ടി വന്നു | 3-16 |
| | ഭാഗം - 4 | |
| 21 | വാർഷിക് കണക്കിലെ അപാകങ്ങൾ | 4-1 |
| 22 | സാമ്പത്തിക നില | 4-2 |
| 23 | ഓഡിറ്റ് ചാർജ്ജ് | 4-3 |
| 24 | അനുബന്ധം - I ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 25 | അനുബന്ധം - II ഗ്രാന്റിനുള്ള അർഹതാ സാക്ഷ്യപത്രം | |
| 26 | അനുബന്ധം - III ജാംബോറി 2016 – മുൻകൂർ വിശദാംശം | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ</u>

2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ വരവ്-ചെലവ് രേഖകളും, സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിനിയോഗവും പരിശോധിച്ചു. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകളുടെയും, രജിസ്റ്ററുകളുടെയും, വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

## **1-2** <u>ആമുഖം</u>

'ട്രാവൻകൂർ ബോയ്സ് അസ്സോസിയേഷൻ' എന്ന പേരിൽ 1927-ലാണ് സ്കൗട്ട് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചത്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് '- ൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതും, അതിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നതുമായ സംസ്ഥാന ഘടകമാണ് 'കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് .

സ്റ്റേറ്റ് അസോസിയേഷനിൽ പ്രധാനമായും ജനറൽ, ലൈഫ്, ഓർഡിനറി, ഇൻസ്റ്റിറ്റ്യൂഷണൽ, സ്പെഷ്യൽ എന്നിങ്ങനെ അഞ്ച് വിധത്തിലുള്ള അംഗങ്ങളാണുള്ളത്. സ്റ്റേറ്റ് കൗൺസിലാണ് അസ്സോസിയേഷന്റെ ഉന്നതാധികാരസമിതി. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സ്റ്റേറ്റ് കൗൺസിൽ സമ്മേളിക്കേണ്ടതാണ്. സ്റ്റേറ്റ് കൗൺസിലാണ് പ്രസിഡന്റിനെയും , സ്റ്റേറ്റ് ചീഫ് കമ്മീഷണറെയും തെരഞ്ഞെടുക്കുന്നത്.

സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ആണ് കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ പ്രധാന വരുമാന മാർഗ്ഗം. കൂടാതെ, ടോക്കൺ ഫ്ലാഗ് വില്പന യിലൂടെയും, യു.പി./ഹൈസ്കൂളുകളിൽ നിന്ന് വരിസംഖ്യയിലൂടെ ലഭ്യമാകുന്ന തുകയും മറ്റ് പ്രധാന വരുമാനമാർഗ്ഗമാണ്. സ്കൂളുകളിൽ സ്കൗട്ടിംഗ്, ഗൈഡിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ട്രെയിനിംഗ് നൽകുക എന്നിവയാണ് സംഘടനയുടെ പ്രധാന പ്രവർത്തനങ്ങൾ.

1940-ലെ 'തിരു-കൊച്ചി ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് 'രജിസ്റ്റർ ചെയ്തിരിക്കുന്നത്.

# ഭാഗം-**2**

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **2-1** <u>ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത</u>

തൻ വർഷത്തെ ക്യാഷ് ബുക്കിൽ (ഡേ ബുക്ക്) താഴെപ്പറയുന്ന വരവ്/ചെലവ് ഇനങ്ങൾ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നമ്പർ | ഇനം | ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള തുക | ഡേ ബുക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 534 | 935490/27.08.16 | സ്റ്റാഫ് ലോൺ റിക്കവറി | 16331 | 1633 |
| 2 | 621 | 357138/26.09.16 | സ്റ്റാഫ് ലോൺ റിക്കവറി | 1395 | 1935 |
| 3 | 712 | 357177/27.10.16 | അഡ്വാൻസ് പാർസൽ ഡെലിവറി | 20000 | 2000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 06/21.03.18ന് ലഭിച്ച മറുപടിയിൽ മേൽ ഇനങ്ങളിൽ ക്ലറിക്കൽ പിശക് സംഭവിച്ചതാണെന്നും ചെക് ഇഷ്യൂ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ശരിയാണെന്നും ക്യാഷ് ക്ലോസിങ് ബാലൻസിനെ ബാധിക്കാത്തതിനാലാണ് പിശക് ശ്രദ്ധയിൽപ്പെടാത്തതെന്നും അറിയിച്ചിട്ടുണ്ട്. കാഷ് ബുക്ക് എഴുതി കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 2-2 ക്യാൻസൽ ചെയ്ത രസീതിലെ തുക -ക്യാഷ് ബുക്കിൽ ആകെ തുക കണക്കാക്കുന്നതിൽ ഉൾപ്പെടുത്തി

രസീത് നം.105/10438/2-3-17 പ്രകാരം ലഭ്യമായ 63000/- രൂപയുടെ രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ ആയതിൻെറ ഡ്യൂപ്ലിക്കേറ്റ് കോപ്പി ക്യാൻസൽഡ് രസീതിനൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ 2/3/17ലെ ആകെ വരവിൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് ആകെ തുക (601688/-രൂപ) കണക്കാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.13 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ചെക്ക് മുഖേനയാണ് ലഭിച്ചതെന്നും ബാങ്കിൽ നൽകിയ ദിവസം തന്നെ രസീത് ഇഷ്യൂ ചെയ്തിരുന്നെന്നും എന്നാൽ കുറച്ച് ദിവസത്തിനു ശേഷം ബാങ്കിൽ നിന്ന് പ്രസ്തുത ചെക്ക് കാലാവധി കഴിഞ്ഞതിനാൽ തിരിച്ചയച്ചുവെന്നും മറുപടി ലഭ്യമാക്കി. അതിനാൽ രസീത്

ക്യാൻസൽ ചെയ്യുകയും നൽകിയ രസീത് തിരികെ നൽകാൻ ജില്ലയോട് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പിന്നീട് ഈ തുക 12/4/2017ന് രസീത് നം. 10751 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും ക്യാൻസൽ ചെയ്ത പ്രസ്തുത തുക ആകെ തുകയുടെ കൂടെ ക്യാഷ് ബുക്കിൽ കണക്കാക്കിയതിൽ തെറ്റാണെന്നും ഇത് തിരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.q

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്രമീകരിക്കാത്ത മുൻകൂറുകൾ

04.10.2011-ലെ ജി.ഒ(പി)419/2011, ധനം ഉത്തരവ് പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്നുമാസത്തിനുള്ളിൽ ആയവ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 18% പലിശ സഹിതം മുഴുവൻ തുകയും തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

2015-16വർഷം

| മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഇനം | തുക | ചെക്ക് നമ്പർ |
|---|---|---|---|
| ശ്രീ.എസ്.എസ്.അനിൽ | പെട്രോൾ | 1,000 | 277410<br>19.7.15 |

2016-17 വർഷം

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഇനം | തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | ശ്രീ.അബ്ദുൾ മജീദ് | സിസി/എച്ച്.പി.ടെസ്റ്റ് | 1,49,560 | 1069 /16.2.17 |
| 2 | ഒഫിഷ്യൽസ് - ജാംബോരി (വിശദാംശം അനുബന്ധം III-ൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്) | നാഷണൽ ജാംബോരി | 6,24,000 | 881-893/17.12.16 |

16-17 വർഷത്തെ രണ്ട് കണക്കുകളും സമർപ്പിച്ചിട്ടുണ്ടെങ്കിലും ജാംബോരിയുടെ കണക്ക് ഫിനാൻസ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നും സിസി/എച്ച്.പി. ടെസ്റ്റിന്റേത് ചില വൗച്ചറുകൾ കൂടി ലഭിക്കാനുള്ളതിനാൽ നോട്ടീസ് നൽകിയിരിക്കുകയാണെന്നും വിശദീകരി ച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 01/19.03.18ന്റെ മറുപടി).

നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 ദേശീയ ജാംബോരി 2016

(ഫയൽ നമ്പർ D – 980/2016)

17-ാം ദേശീയ ജാംബോരി മൈസൂരുവിൽ വച്ച് 29.12.16 മുതൽ 04.01.2017 വരെ നടത്തുകയുണ്ടായി. ജാംബോരിക്കായി നൽകിയ 6,24,000/- രൂപയുടെ മുൻകൂർ ക്രമീകരിക്കാ ത്തതിനാൽ ജാംബോരി ചെലവ് പൂർണമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു( ഓഡിറ്റ് എൻക്വയറി നമ്പർ 17/23.03.18, 25/26.03.18 എന്നിവയ്ക്ക് ലഭ്യമാക്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

*i) പങ്കെടുത്തവരുടെ എണ്ണത്തിൽ അവ്യക്തത*

ജാംബോരി രജിസ്ട്രേഷൻ ഫീ ഇനത്തിൽ 4,95,390 രൂപ (ചെക്ക് നമ്പർ 357292/17.12.16) നാഷണൽ ഹെഡ്ക്വാർട്ടേഴ്സിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അംഗം | പങ്കെടുത്തവരുടെ എണ്ണം | ഫീസ് നിരക്ക് | ആകെ |
|---|---|---|---|---|
| 1 | അഡൽറ്റ് | 124 | 580 | 71,920 |
| 2 | സ്കൗട്സ് &ഗൈഡ്സ് | 799 | 530 | 4,23,470 |
| ആകെ | | | | 4,95,390 രൂപ |

NHQ സർക്കുലർ നമ്പർ 90/2016 തീയതി 27.5.16 പ്രകാരം ദേശീയ ജാംബോരിയിലേക്കുള്ള കേരളത്തിന്റെ Proposed Quota ചുവടെപ്പറയും പ്രകാരമാണ്.

| അംഗം | പട്രോൾ | അംഗം | യൂണിറ്റ് ലീഡർ | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്കൗട്ട് | 30 | 240 | 30 | 300 |
| ഗൈഡ് | 30 | 240 | 30 | 300 |
| മറ്റുള്ളവർ | - | - | - | 4 |
| ആകെ | | | | 604 |

നാഷണൽ ഡയറക്ടറുടെ DDBP/4743/2016-17തീയതി 07.11.16-ാംനമ്പർ കത്ത് പ്രകാരം 360 പേരുടെ അധിക ക്വാട്ട കേരളത്തിന് അനുവദിച്ചു (ഓഡിറ്റ് എൻക്വയറി നമ്പർ 17/23.03.18). ജാംബോരിയിൽ പങ്കെടുത്തവരുടെ എണ്ണം 904 ആണെന്ന് എൻക്വയറി നമ്പർ 24 ന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് അവ്യക്തമാണ്.

സ്കൗട്സ്, ഗൈഡ്സ്, അഡൽറ്റ് എന്നിങ്ങനെ (799 +124) 924പേർക്കായി ജംബോരി രജിസ്ട്രേഷൻ ഫീസായി 4,95,390 രൂപ കൈമാറി.

*ii) <u>മുൻകൂർ ക്രമീകരിച്ചിട്ടില്ല</u>*

ദേശീയ ജാംബോരി ചെലവുകൾക്കായി 48,000രൂപ വീതം 13 പേർക്ക് ആകെ 6,24,000രൂപ മുൻകൂർ നൽകിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം III-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുൻകൂർ നൽകിയത് 13 പേർക്കാണ്. എന്നാൽ ക്രമീകരണത്തിനായി ഒറ്റ സ്റ്റേറ്റ്മെന്റ് നൽകിയാണ് വൗച്ചറുകൾ ഹാജരാക്കിയിരിക്കുന്നത്. നോട്ട് നിരോധനത്തെ തുടർന്നാണ് 13 പേർക്ക് 48,000രൂപ വീതം മുൻകൂർ നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. വൗച്ചറുകൾ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതിന്റെ ഉത്തരവാദിത്തം ചെക്ക് കൈപ്പറ്റിയ വ്യക്തികൾക്കാണെന്നിരിക്കെ, ഒറ്റ സ്റ്റേറ്റ്മെന്റ് സമർപ്പിച്ച് വൗച്ചറുകൾ ഹാജരാക്കിയത് ന്യായീകരിക്കത്തക്കതല്ല. മാത്രവുമല്ല, ഓരോ മേഖല നിർണയിച്ച് പ്രത്യേക ഉത്തരവാദിത്തങ്ങൾ ഏല്പിച്ചുകൊണ്ടുള്ള നടപടിക്രമം വഴിയല്ല മുൻകൂറുകൾ നൽകിയിരിക്കുന്നത്.

മുൻകൂർ സെറ്റിൽ ചെയ്യുന്നതിനായി സമർപ്പിച്ച വൗച്ചറുകളിലെ ചില അപാകതകൾ സംബന്ധിച്ചും കുട്ടികളിൽ നിന്ന് തുക പിരിച്ചെടുത്തത് സംബന്ധിച്ചും അക്കൗണ്ട് സെക്ഷനിൽ നിന്ന് ചില എതിർ പരാമർശം ഉണ്ടായതിനെ തുടർന്ന് ഫയൽ വിശദമായ പരിശോധനയ്ക്കായി ഫിനാൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിട്ടുണ്ടെന്നും വൈകാതെ സെറ്റിൽ ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.

*iii) <u>വ്യക്തമായ മാനദണ്ഡങ്ങളില്ലാതെയും ഉത്തരവില്ലാതെയും തുക പിരിച്ചു</u>*

ജാംബോരിയിൽ പങ്കെടുത്തവരിൽ നിന്ന് വിവിധ ജില്ലാ അസോസിയേഷനുകൾ ജാംബോരി രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 7,43,000/-രൂപ പിരിച്ചെടുത്ത് ഒടുക്ക് വരുത്തിയിട്ടുണ്ട്. ജില്ലാ സെക്രട്ടറിമാരുടെ പേരിൽ 15.11.16 മുതൽ 17.01.16 വരെയുള്ള

വിവിധ രസീതുകൾ പ്രകാരമാണ് തുക ഒടുക്ക് വരുത്തിയിരിക്കുന്നത്. പ്രസ്തുത രസീതുകൾ പ്രകാരം, പങ്കെടുത്തവരിൽ നിന്നും തുക ഈടാക്കിയതിന്റെ നിരക്ക് വ്യക്തമല്ല. ആകെയുള്ള 42 ജില്ലകളിൽ (വിദ്യാഭ്യാസ ജില്ലകൾ) 16-17 വർഷം 38 ജില്ലകളിൽ നിന്നാണ് പ്രസ്തുത തുക ഈടാക്കിയത്. പത്തനംതിട്ട, പുനലൂർ ജില്ലകൾ പങ്കെടുത്തില്ലായെന്നും ബാക്കി രണ്ട് ജില്ലകളിൽ നിന്നും 40,000/- രൂപ 17-18 വർഷം ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കുട്ടികളുടെ ഭക്ഷണം, മെറ്റീരിയലുകൾ തുടങ്ങിയ ആവശ്യത്തിനാണ് തുക ഈടാക്കിയ തെന്നാണ് വിശദീകരണം. എന്നാൽ പ്രസ്തുത പിരിവിന് പ്രത്യേക അധികാരപ്പെടുത്ത ലുകളൊന്നും ഉണ്ടായിട്ടില്ല. പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റും ലഭ്യമാക്കിയില്ല.

*iv) സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക പിരിച്ചു.*

സ.ഉ (കൈ)124/2011/പൊ.വി.വ. തീയതി 26.5.11 പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 8-ാംക്ലാസ്സ് വരെ യാതൊരു ഫീസും ഈടാക്കാൻ പാടില്ലായെന്നുണ്ട്. ഇതിനു വിരുദ്ധമായി 8-ാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ തുക ഈടാക്കി.

*v) പ്രത്യേക ഉത്തരവില്ലാതെ ഗെറ്റ് റ്റുഗദർ*

പെരുമ്പിലാവ് അൻസാർ HSSൽ വച്ച് 12.11.16, 13.11.16 തീയതികളിൽ നടന്ന ജാംബോരി ഗെറ്റ് റ്റുഗദറിനായി 42,455 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗെറ്റ് റ്റുഗദർ സംഘടിപ്പിക്കാൻ സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർ (എസ്)-നെ ചുമതലപ്പെടുത്തിയെന്നും ഇതിന് പ്രത്യേക ഉത്തരവൊന്നും ഇറക്കിയിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

*vi) വൗച്ചറുകളിലെ അപാകതകൾ*

എ) വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്ക് വ്യക്തതയോ കൃത്യതയോ കാണുന്നില്ല. ഉദാഹരണമായി ഭക്ഷണ ചെലവുകൾ എന്തിനെന്നും ആർക്കുവേണ്ടിയെന്നും വ്യക്തമാക്കുന്ന രേഖപ്പെടുത്തലില്ല.

ബി) വൗച്ചർ നം 9/29.12.ന്റെ സബ് വൗച്ചർ പ്രകാരം ഗ്യാസ് സിലിണ്ടറുകൾ 4 എണ്ണം വീതം വാങ്ങിയവകയിൽ 1200 x 4 = 4800രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ original bill സൂക്ഷിച്ചിട്ടില്ല. വെള്ള കടലാസ്സിലെഴുതി വ്യക്തമാകാത്ത സീൽ പതിപ്പിച്ച രസീതിന്റെ അടിസ്ഥാനത്തിൽ തുക claim ചെയ്തിരിക്കുന്നു.

സി) വൗച്ചർ നമ്പർ 36/04.01.17 പ്രകാരം 4 പേർക്ക് ( രാമകൃഷ്ണൻ, ബാബു, പ്രവീൺ, വിനോദൻ) 11,000രൂപ വീതവും 3 പേർക്ക് (അഭിജിത്ത് കൃഷ്ണകുമാർ-ഒപ്പിട്ടത് ശരത്ത് -പേര് തിരുത്തിയത്- , അമർജോദ്, ഷനിൽ) 6,000രൂപ വീതവും ആകെ 62,000രൂപ

ജാംബൂരിയിൽ ഭക്ഷണം പാചകം ചെയ്യാൻ സഹായിച്ച വകയിൽ നൽകിയിട്ടുണ്ട്. വൗച്ചർ നമ്പർ 37/27.12.16 പ്രകാരം റോവേഴ്സായ അഭിജിത്ത് കൃഷ്ണകുമാർ, അമർജോദ്, ഷനൽ എന്നിവർക്ക് TAഇനത്തിൽ ആകെ 1,000 രൂപ നൽകി. റോവേഴ്സിന് പാചകം ചെയ്യാൻ സഹായിച്ച ഇനത്തിൽ തുക നൽകിയത് എന്തിനെന്ന് വ്യക്തമല്ല. (പ്രസ്തുത വിഷയങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല).

*vii) സാധനങ്ങൾ അധികമായി വാങ്ങി*

ജാംബോരിയിൽ പങ്കെടുത്ത സ്കൗട്സ് & ഗൈഡ്സിന്റെ എണ്ണം വ്യക്തമല്ലായെങ്കിലും ജാംബോരി രജിസ്ട്രേഷൻ പിരിച്ചെടുത്ത് ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ 799 പേരാണുള്ളത്. എന്നാൽ ആവശ്യത്തിലധികം മെറ്റീരിയൽസ് വാങ്ങി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ | ഇനം | എണ്ണം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 44(1)/26.12.16 | സ്കൗട്ട് സ്കാർഫ് | 1200 | 40,800 | |
| 2 | 44(3)/06.05.17 | പി-ക്യാപ്പ് | 1200 | 54,438 | മയൂർ ആർമി & ജനറൽ സ്റ്റോഴ്സിന്റെ ബിൽ നം. 13296/06.05.17 |
| 3 | 44(4)/08.05.17 | ടീ-ഷർട്ട് വിത്ത് പ്രിന്റിംഗ് | 1200 | 1,79,455 | മയൂർ ആർമി & ജനറൽ സ്റ്റോഴ്സിന്റെ ബിൽ നം. 13310/08.05.17 |
| 4 | 44(5)/29.11.16 | ഷോൾഡർ ബാഡ്ജ് | 4000 | 7,350 | |
| 5 | 44(6)/16.12.16 | വോഗ്ഗിൾ | 1200 | 6,000 | |

എ) ജാംബോരിക്കായി വാങ്ങിയ സാധനങ്ങളിൽ പലതും സ്കൗട്ട് ഷോപ്പിലുണ്ടായിരിക്കെ വീണ്ടും പർച്ചേസ് ചെയ്തു. ഉദാഹരണമായി സ്കൗട്ട് ഷോപ്പ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 01.04.16ൽ വോഗിൾ 5000 എണ്ണം സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ്കൗട്ട് ഷോപ്പ് വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ മുൻകൂട്ടി ടെന്റർ നടപടികൾ സ്വീകരിച്ച് വാങ്ങി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണമായി ആവശ്യമായ സാധനങ്ങൾ സ്കൗട്ട്

ഷോപ്പിൽ ലഭ്യമായിരുന്നില്ലായെന്നും ഇംപീസാ വോഗിൾ എന്ന പ്രത്യേക വോഗിളാണ് ജംബോരിയിൽ ഉപയോഗിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ബി) ജാംബോരിയിൽ കേരള ഡേ എന്ന പേരിൽ കാമ്പോരി ഭാരവാഹികളെയും നാഷണൽ ഓഫിഷ്യലുകളെയുമടക്കം സ്വീകരിച്ചപ്പോൾ അവർക്ക് ഗിഫ്റ്റ് നൽകുന്നതിനായാണ് അധികം എണ്ണം സാധനങ്ങൾ വാങ്ങിയതെന്നാണ് വിശദീകരണം.

സി) ക്യാമ്പ് കഴിഞ്ഞ തീയതിയിലുള്ള ബിൽ വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

*viii) <u>ടെന്റർ നടപടികൾ സ്വീകരിച്ചില്ല</u>*

ജാംബോരിയുടെ ഷെഡ്യൂൾ മുൻകൂട്ടി നിശ്ചയിച്ചിട്ടും സാധനങ്ങൾ വാങ്ങിയതിന് ടെന്റർ നടപടികൾ സ്വീകരിച്ചില്ല. ക്രമ നമ്പർ 7ലെ പട്ടിക കാണുക. വൻതുകകൾക്കുള്ള പർച്ചേസിന് ടെന്റർ നടപടികൾ യാതൊന്നും തന്നെ സ്വീകരിച്ചില്ല. 2017 ജനുവരിയിലാണ് പുതുയ ഭരണസമിതി നിലവിൽ വന്നതെന്നും ആയതിനാലാണ് നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. യഥാസമയം ഷെഡ്യൂൾ ലഭ്യമായിട്ടും ടെന്റർ നടപടികൾ സ്വീകരിക്കാതെ പർച്ചേസ് ചെയ്തത് നീതീകരിക്കത്തക്കതല്ല.

*ix) <u>33,050രൂപയുടെ കാറ്റാടിക്കഴയുടെ പുനരുപയോഗത്തിന് വ്യക്തതയില്ല</u>*

വൗച്ചർ നമ്പർ 47(1), 48 എന്നിവ പ്രകാരം യഥാക്രമം 42 എണ്ണം കാറ്റാടിക്കഴകൾക്ക് 7550/- രൂപയും 100 എണ്ണത്തിന് 25,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ കാറ്റാടിക്കഴകൾ ഭൂരിഭാഗവും മുറിച്ച് പലവിധ ആവശ്യങ്ങൾക്ക് വിനിയോഗിച്ചിരുന്നുവെന്നും ബാക്കിയുള്ള പുനരുപയോഗ സാദ്ധ്യമായവ ചില ജില്ലകൾക്ക് നൽകിയെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ രേഖകൾ ലഭ്യമാക്കിയില്ല.

## **3-3** <u>അമൂല്യമായ പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗിക്കാതെ സൂക്ഷിക്കുന്നു</u>

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1138 പുസ്തകങ്ങൾ സ്ഥാപനത്തിന്റെ കൈവശമുണ്ട്. ആയതിൽ 394 പുസ്തകങ്ങൾ ഡാമേജ് ആയിട്ടാണ് കാണിച്ചിട്ടുള്ളത്. സ്കൗട്ടിംഗ് സംബന്ധിച്ച മൂല്യവത്തായ ഗ്രന്ഥങ്ങളാണവ. ലൈബ്രറി പുസ്തകങ്ങളുടെ Accession, Distribtution രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പ്രസ്തുത പുസ്തകങ്ങൾ വാങ്ങിയതിന്റെ ഇൻവോയിസ്, ആയതുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവയും ഹാജരാക്കിയില്ല.

ഓഡിറ്റ് എൻക്വയറി 14 നുള്ള മറുപടിയിൽ പ്രസ്തുത ലൈബ്രറി പുസ്തകങ്ങൾ വളരെ കാലങ്ങൾക്കു മുൻപേ തന്നെ സ്റ്റേറ്റ് ട്രെയിനിംഗ് സെൻററിൽ സൂക്ഷിച്ചരുന്നതാണെന്നും നിലവിൽ ഇവ വിതരണം ചെയ്യുന്നില്ലായെന്നും ആയതിനാൽ വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലായെന്നും അറിയിച്ചിരിക്കുന്നു. പുസ്തകങ്ങൾ പതിറ്റാണ്ടുകൾക്ക് മുമ്പ് വാങ്ങിയവയായതിനാൽ ആയവ വാങ്ങിതിൻെറ വൗച്ചറുകളോ ഫയലുകളോ ഓഫീസിൽ ലഭ്യമല്ലായെന്നും അറിയിച്ചിട്ടുണ്ട്.

സ്കൗട്ടിംഗ്, ഗൈഡിംഗ് എന്നിവയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ട്രെയിനിംഗ് സമയത്തും രാഷ്ട്രപതി പ്രീ ടെസ്റ്റ്, രാജ്യപുരസ്കാർ ടെസ്റ്റുകളുടെ തായ്യാറെടുപ്പിനും റഫറൽ ഗ്രന്ഥങ്ങളായി ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ ഗ്രന്ഥങ്ങൾ സ്കൗട്ടിനും ഗൈഡിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനാനവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ടോക്കൺ ഫ്ലാഗ് വിതരണത്തിലും തുക പിരിച്ചെടുക്കുന്നതിലും ഉള്ള കാലതാമസം - സ്ഥാപനത്തിന് വരുമാന നഷ്ടം

സ്ഥാപനത്തിൻെറ ടോക്കൺ ഫ്ലാഗ് രജിസ്റ്റർ പ്രസാരം 1,18,76,332/- രൂപ ടോക്കൺ ഫ്ലാഗ് വിതരണം ചെയ്തു ഇനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. ടോക്കൺ ഫ്ലാഗ് ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2000 | 24224 |
| 2001 | 60445 |
| 2002 | 41725 |
| 2003 | 2787 |
| 2004 | 58385 |
| 2005 | 26859 |
| 2006 | 35243 |
| 2007 | 91317 |
| 2008 | 59343 |
| 2009 | 68235 |

| | |
|---|---|
| 2010 | 62957 |
| 2011 | 222140 |
| 2012 | 202136 |
| 2013 | 106972 |
| 2014 | 3037140 |
| 2015 | 934773 |
| 2016 | 6841651 |
| ആകെ | 1,18,76,332 |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളാരാഞ്ഞുകൊണ്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം.12-ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികയുടെ 81% കഴിഞ്ഞ മൂന്ന വർഷത്തേതാണെന്നും സ്കൂളുകളിൽ നിന്ന് പിരിച്ച് AEO ഓഫീസിൽ അടയ്ക്കേണ്ടതും അവിടെ നിന്ന് DEO ഓഫീസിലടച്ച് വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമായി സ്ഥാപനത്തിൽ അടയ്ക്കുന്നതിലുള്ള കാലതാമസമാണ് കുടിശ്ശിക വരുന്നതിന് കാരണമാകുന്നതെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എല്ലാ വർഷവും DEO മാർക്ക് നോട്ടീസ് അയയ്ക്കാറുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 2000 മുതലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2016 വർഷത്തെ ടോക്കൺ ഫ്ലാഗ് 23-2-2017 മുതൽ 6-3-2017 വരെയുള്ള കാലയളവിലാണ് വിതരണം ചെയ്തിട്ടുള്ളത്. 2016 വർഷത്തെ ടോക്കൺ ഫ്ലാഗ് വിതരണം ചെയ്യുന്നതിനായി 18/11/16ലെ MS/76098/2016//DPI നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചെങ്കിലും 30/1/17ൽ മാത്രമാണ് ടോക്കൺ ഫ്ലാഗ് പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ടോക്കൺ ഫ്ലാഗ് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടതിന് ഓഡിറ്റ് എൻക്വയറി 12 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി 18/11/16 ന് DPI യുടെ അനുമതി ലഭിച്ചെങ്കിലും പിന്നീട് സ്ഥാപനങ്ങളുടെ സംസ്ഥാന ഭാരവാഹികൾ മാറുകയും പുതിയവർ ചാർജ്ജെടുക്കുകയും ചെയ്തതിനു ശേഷമാണ് പ്രിന്റ് ചെയ്യേണ്ട ലോഗോ അംഗീകരിച്ചതെന്നും ആയതിനാലാണ് ടോക്കൺ ഫ്ലാഗ് വിതരണം ഒന്നരമാസത്തിലേറെ വൈകിയതെന്നും അറിയിച്ചിരിക്കുന്നു.

18/11/16ലെ DPIയുടെ ഉത്തരവിൽ 9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടോക്കൺ ഫ്ലാഗ് വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എസ്.എസ്.എൽ. സിയും വർഷാന്ത്യ പരീക്ഷയും നടക്കുന്ന സമയത്ത് ടോക്കൺ ഫ്ലാഗ് വിതരണം ചെയ്യുന്നത് എല്ലാ വിദ്യാർത്ഥികളിൽ നിന്നും തുക പിരിച്ചെടുക്കാൻ സാധിക്കാതെ വരുന്നതിന് കാരണമാകുന്നു. ആയതിനാൽ അധ്യയനവർഷത്തിന്റെ

ആരംഭത്തിൽ തന്നെ ടോക്കൺ ഫ്ലാഗ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 ട്രെയിനിംഗ് സെൻററുകളുടെ ആസ്തി സംരക്ഷണം കാര്യക്ഷമമല്ല

കേരള സ്കൗട്ട്സ് ആൻറ് ഗൈഡ്സിന് കീഴിൽ രണ്ട് ട്രെയിനിംഗ് സെന്ററുകൾ പാലോടും നടുവത്തൂരുമായി പ്രവർത്തിക്കുന്നു. ആസ്തി സംബന്ധിച്ച പത്രിക ലഭ്യമാക്കിയതിൽ പാലോട്, ട്രയിനിംഗ് സെന്ററിന്, 54,24,525/- രൂപയും നടുവത്തൂർ ട്രെയിനിംഗ് സെന്ററിന് 3,83,62,902/- രൂപയുടെയും ആസ്തിയാണുള്ളത്. കമ്പ്യൂട്ടർ, ടെലിവിഷൻ, പ്രോജക്ടർ വിത്ത് സ്ക്രീൻ, പ്രിൻറർ, സ്കാനർ മുതലായ വിലപിടിപ്പുള്ള വസ്തുക്കൾ അവിടെയുള്ളതായി സ്റ്റേറ്റ്മെൻറിൽ നിന്ന് വ്യക്തമാണ്. ട്രെയിനിംഗ് സെന്ററിൻെറ ആസ്തികളുടെ സംരക്ഷണച്ചുമതല സംസ്ഥാന കാര്യാലയത്തിനാണെന്നാണ് ഓഡിറ്റ് എൻക്വയറി 22-നുള്ള മറുപടിയിൽ വ്യക്തമാക്കി യിട്ടുള്ളത്. ട്രെയിനിംഗ് സെന്ററുകളിൽ ഒരു വാച്ച്മാൻ മാത്രമേ സ്ഥിരജീവനക്കാരനായിട്ടുള്ളൂ. ഇതിൽ പാലോട് ട്രെയിനിംഗ് സെന്ററിലെ വാച്ച്മാൻ ഓഡിറ്റ് വേളയിൽ സസ്പെൻഷ നിലാണ്. ആസ്തികളുടെ സംരക്ഷണച്ചുമതല നിലവിൽ താൽക്കാലിക ജീവനക്കാരനിൽ നിക്ഷിപ്തമാണ്. ട്രെയിനിംഗ് സെന്ററുകളിലെ ആസ്തികൾ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഉചിതനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ട്രെയിനിംഗ് സെൻററിലെ വാട്ടർചാർജ്ജ് കുടിശ്ശികയിൽ അവ്യക്തത

സ്ഥാപനത്തിൻെറ വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പാലോട് ട്രെയിനിംഗ് സെന്ററിലെ വെള്ളക്കരം അടവാക്കാത്തതിനാൽ കൺസ്യൂമർ നം. PLD/118/N പ്രകാരമുള്ള വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയും കേരള വാട്ടർ അതോറിറ്റിയുടെ പാലോട് സെക്ഷൻെറ 17/9/16ലെ 20370473-ാം നമ്പർ ബിൽ പ്രകാരം കുടിശ്ശികയായ 1,22,145/-രൂപ അടയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2012ജൂൺ മുതൽ 2016 സെപ്റ്റംബർ വരെയുള്ള നാല് വർഷം മൂന്ന് മാസത്തെ കുടിശ്ശികയാണ് ബിൽ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. 31/10/16ലെ ചെക്ക് നം.357202 പ്രകാരം 50000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ പാലോട് സെക്ഷനിൽ പാർട്ട് പേയ്മെന്റായി അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പാലോട് സെക്ഷൻെറ 6/2/178ലെ ബിൽ നം. 23391039 പ്രകാരമുള്ള 81416/- രൂപ (കുടിശ്ശിക ഉൾപ്പെടെ) 16/3/17ലെ ചെക്ക് നം. 414401 പ്രകാരം

അടവാക്കിയിട്ടുണ്ട്. 1,22,145 രൂപ കുടിശ്ശിക ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി 22 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പാലോട് ട്രെയിനിംഗ് സെന്ററിൻെറ വാട്ടർ ചാർജ്ജ് സൗജന്യകണക്ഷനായിരുന്നുവെന്നും ഒരു ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ 2012 മുതലുള്ള ബിൽ സമർപ്പിക്കുകയാണ് ചെയ്തതെന്നുമുള്ള മറുപടിയാണ് ലഭിച്ചത്.

വെള്ളക്കരം സൗജന്യമായി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, കുടിശ്ശിക ഈടാക്കുന്നതിനായി വാട്ടർ അതേറിറ്റിയിൽ നിന്ന് ലഭിച്ച നോട്ടീസ് എന്നിവ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 25 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ട്രെയിനിംഗ് സെന്ററിന്റെ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് വാട്ടർ ബിൽ ഒഴികെയുള്ള രേഖകളൊന്നും സംസ്ഥാന കാര്യാലയത്തിൽ ലഭ്യമല്ലായെന്നും പാലോട് ട്രെയിനിംഗ് സെന്ററിൽ ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും രേഖകളുണ്ടോ എന്ന് പരിശോധിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ട്രെയിനിംഗ് സെന്ററിന്റെ ആസ്തികളുടെ സംരക്ഷണവും പരിപാലനവും സംസ്ഥാന കാര്യാലയത്തിൽ നിക്ഷിപ്തമായതിനാൽ വെള്ളക്കരത്തിന് കുടിശ്ശിക നൽകേണ്ടിവന്നത് സംസ്ഥാന കാര്യാലയത്തിന്റെ വീഴ്ചയാണ്. കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യത്തിനും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാക്തിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഓഫീസ് വാഹനങ്ങൾ പരിപാലിക്കുന്നതിൽ വീഴ്ച

i) സ്റ്റേറ്റ് ഹെഡ്ക്വാട്ടേഴ്സിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായാണ് 62,198/- രൂപ ചെലവഴിച്ച് 31.03.2015 ൽ ഹോണ്ട ആക്ടിവ ടു വീലർ (രജി.നം. KL01-BT-2795) വാങ്ങിയുട്ടുള്ളത്. എന്നാൽ വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിന്റെയും വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെയും വിശദാംശം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനവുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ 12.05.2015-നു ശേഷം വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിനായി തുക അനുവദിച്ചു നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മേൽ വാഹനത്തിന്റെ അറ്റകുറ്റ പണികൾക്കായി തൻ വർഷം താഴെപ്പറയും വിധം തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 90/02.05.16 | 224234/26.04.16 | 328 |
| 2 | 162/31.05.16 | 224261/24.05.16 | 1650 |
| 3 | 779/15.11.16 | 357223/14.11.16 | 2000 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8/21.03.18ന് ലഭിച്ച

മറുപടിയിൽ വാഹനത്തിനു 12.05.2015ന് അനുവദിച്ച 1000/- രൂപ ക്രമീകരിക്കാത്തതു കൊണ്ടും ലോഗ് ബുക്ക് പൂർത്തിയാക്കാത്തതുകൊണ്ടുമാണ് ഇന്ധനം നിറക്കാൻ തുക അനുവദിക്കാതിരുന്നതെന്നും, നിലവിൽ ഓഫീസിലെ ജീവനക്കാർ സ്വന്തം വാഹനത്തിൽ സ്വന്തം ചെലവിൽ പോയാണ് ഓഫീസ് ആവശ്യങ്ങൾ നിറവേറ്റുന്നതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ വാഹനം നശിച്ചു പോകാതിരിക്കാനാണ് അറ്റകുറ്റപ്പണികൾ നടത്തിയതെന്നും, ഓഫീസ് ആവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരി ക്കുമെന്ന് അറിയിച്ചിരിക്കുന്നു. ആവശ്യകത നിർണയം നടത്താതെ വാഹനം വാങ്ങിയതും, ഉപയോഗശൂന്യമായി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതും സ്ഥാപനത്തിന്റെ ഭാഗത്തെ വലിയ വീഴ്ചയാണ്. വാഹനത്തിന്റെ ലോഗ് ബുക്ക് പൂർത്തിയാക്കുന്നതിനും വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/208/ധനം. തീ .02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ് കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ KL01 BU 4572 രെജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള ഓഫീസ് വാഹനത്തിന്റെ (ഇന്നോവ കാർ) ഇന്ധനക്ഷമത പരിശോധന നാളിതുവരെയും നടത്തിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 7/21.03.18ന് ലഭിച്ച മറുപടിയിൽ വാഹനത്തിന്റെ ഇന്ധന പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർത്തീകരിച്ചു സമർപ്പിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ചുകൊണ്ട് ഓഫീസ് വാഹനങ്ങൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** <u>പൊതു മരാമത്ത് ചട്ടം പാലിക്കാതെ പ്രവൃത്തി നടപ്പാക്കി</u>

പ്രവൃത്തിയുടെ

3-9 <u>കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ</u> <u>സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.</u>

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.86/2010/ഫിൻ തീ.24.09.2010 പ്രകാരം കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. കൂടാതെ വ്യാജ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും സോഫ്റ്റ്‌വെയറുകളുടെ ലൈസൻസ് വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി

സൂക്ഷിക്കുകയും വേണം. എന്നാൽ ഓഫീസ് ആവശ്യത്തിനായി തൻവർഷം താഴെപ്പറയുംപ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ ഇനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | ഇനം | ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| 1 | 104 | യു.പി.എസ് | 224240/05.05.16 | 5000/- |
| 2 | 388 | യു.പി.എസ് | 935400/01.08.16 | 5000/- |
| 3 | 526 | ആന്റി വൈറസ് | 935482/01.08.16 | 5800/- |
| 4 | 226 | വെബ് സെർവർ | ക്യാഷ് | 11318/- |
| 5 | 770 | വെബ് സെർവർ | 357214/15.11.16 | 8788/- |
| 6 | 1270 | വെബ് സെർവർ | 414492/31.03.17 | 3747/- |
| 7 | 930 | കമ്പ്യൂട്ടർ പർച്ചേസ് & റിപ്പയർ | 357320/03.01.17 | 22486/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 16/23.03.18ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-10 <u>ഇ ടെൻഡർ നടപ്പാക്കാതെ വാങ്ങലുകൾ നടത്തി</u>

സർക്കാർ ഉത്തരവ് ജി.ഓ.(എം.എസ്).13/2015 ഐ.ടി.ഡി തീ.12.05.2015 പ്രകാരം 5 ലക്ഷം രൂപയ്ക്കു മുകളിൽ വില വരുന്ന സാധനങ്ങളുടെ സമാഹരണത്തിനു ഇ -ടെൻഡർ നടപടികൾ പാലിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ തൻ വർഷം ഇ ടെൻഡർ നടപ്പാക്കാതെ ക്വട്ടേഷൻ വ്യവസ്ഥയിലാണ് 5 ലക്ഷം രൂപയ്ക്കു മുകളിൽ വിലവരുന്ന താഴെപ്പറയുന്ന പ്രിന്റിംഗ് ഇനങ്ങൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

| ക്രമ നം. | ഇനം | ആകെ വാങ്ങൽ തുക/ സ്ഥാപനം | അനുവദിച്ച തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ |
|---|---|---|---|---|---|
| 1 | ലോഗ് ബുക്ക് പ്രിന്റിംഗ് | 19,20,000/- കണ്ണൂർ കോ-ഓപ്പറേറ്റീവ് പ്രസ്സ് | 1920000/- | 866 | 357278/08.02.16 |

| | | | | | |
|---|---|---|---|---|---|
| 2 | മാഗസിൻ പ്രിന്റിംഗ് | 8,51,520/- ബി.ആർ.എൻ ഓഫ്സെറ്റ് | 96000/- | 92 | 224236/02 /05/16 |
| | | | 96000/- | 153 | 224251/31.05.16 |
| | | | 96000/- | 305 | 224352/01.07.16 |
| | | | 96000/- | 394 | 935407/01.08.16 |
| | | | 96000/- | 532 | 935488/01.09.16 |
| | | | 53760/- | 632 | 35751/01.10.16 |
| | | | 53760/- | 708 | 357172/01.11.16 |
| | | | 52800/- | 837 | 357261/01.12.16 |
| | | | 52800/- | 938 | 357329/03.01.17 |
| | | | 52800/- | 1008 | 357364/25.01.17 |
| | | | 52800/- | 1104 | 414374/04.03.17 |
| | | | 52800/- | 1197 | 414421/28.03.17 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 19/24.03.18ന് ലഭിച്ച മറുപടിയിൽ പത്രങ്ങളിലും വെബ്സൈറ്റിലും പരസ്യം നൽകിയാണ് ടെൻഡർ നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയ്ക്കു മുകളിൽ വില വരുന്ന സാധനങ്ങളുടെ സമാഹരണത്തിനു ഇ -ടെൻഡർ നടപടികൾ പാലിക്കാൻ നിർദ്ദേശിക്കുന്നു.

3-11 IMF- തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല

ഡി.പി.ഐയുടെ 7.8.12ലെ എം3/14240/2010/DPI സർക്കുലർ പ്രകാരം IMF (Institutional Membershsip fee) ഹൈസ്കൂളുകൾക്ക് 50/- രൂപയും യു.പി സ്കൂളുകൾക്ക് 20/- രൂപയുമാണ്. സ്കൂളുകളിൽ സ്കൗട്ട്/ ഗൈഡ് യൂണിറ്റ് ഇല്ലായെങ്കിൽ പോലും പ്രസ്തുത തുക സ്പെഷ്യൽ ഫീസിൽ നിന്നും സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിൽ അടയ്ക്കണമെന്ന് മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ യു.പി സ്കൂളുകളിൽ നിന്ന് പിരിക്കുന്ന തുകയിൽ 40% തുക സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സിനും 60% തുക ജില്ലയ്ക്കും അർഹതപ്പെട്ടതാണ്. ഹൈസ്കൂളുകളിൽ നിന്ന് പിരിക്കുന്ന തുകയിൽ 50% സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സിനും 50% ജില്ലയ്ക്കും അർഹതപ്പെട്ടതാണ്. സ.ഉ(കൈ)124/2011പൊ.വി.വ.തീ.26.5.2011 പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്ന് യാതൊരു തരത്തിലുമുള്ള ഫീസും ഈടാക്കുവാൻ പാടുള്ളതല്ല. ആകെ 2387 ഹൈസ്കൂളുകളും 2729 യു.പി സ്കൂളുകളും ഉണ്ടായിരിക്കെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എപ്രകാരമാണ് യു.പി സ്കൂളിലെ കുട്ടികളിൽ നിന്ന് തുക പിരിച്ചെടുക്കുന്നത് എന്നതിൽ വ്യക്തതയില്ല.

IMF ഇനത്തിൽ 2016-17 വർഷം 69572/- രൂപ (അവലംബം ഓഡിറ്റ് എൻക്വയറി നം.18 മറുപടി) ലഭിക്കേണ്ട സ്ഥാനത്ത് 36595/- രൂപയാണ് ഈയിനത്തിൽ ലഭിച്ചിരിക്കുന്നത്. പ്രസ്തുത തുക മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൃത്യമായി കണക്കാക്കി അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-12 <u>ജില്ലാ/ലോക്കൽ അസോസിയേഷനുകളുടെ രജിസ്ട്രേഷൻ, പുതുക്കൽ എന്നിവ കൃത്യമായി നടക്കുന്നില്ല</u>

എല്ലാ വർഷവും മാർച്ച് 31-നകം ജില്ലാ ലോക്കൽ അസോസിയേഷനുകളുടെ രജിസ്ട്രേഷൻ/പുതുക്കൽ ഫീ സംസ്ഥാനകാര്യാലയത്തിൽ പ്രത്യേക രസീതിൽ അടക്കേണ്ട താണെന്ന് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ചട്ടങ്ങൾ ചട്ടം 76ൽ അനുശാസിക്കുന്നു. ആയത് കൃത്യമായി ഒടുക്കുവരുത്താത്ത പക്ഷം സ്റ്റേറ്റ് കൗൺസിൽ, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ പങ്കെടുക്കുന്നതിനോ വോട്ട് ചെയ്യുന്നതിനോ, ഇലക്ഷനിൽ മത്സരിക്കുന്നതിനോ ജില്ലാ ലോക്കൽ അസോസിയേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കോ ഓഫീസ് അധികാരികൾക്കോ കുടിശ്ശിക ഒടുക്കുവരുത്തുന്നതുവരെ പ്രസ്തുത ചട്ടം പ്രകാരം അധികാരമുണ്ടാ യിരിക്കുന്നതല്ലായെന്നും അനുശാസിച്ചിട്ടുണ്ട്. സ്റ്റേറ്റ് സെക്രട്ടറിയുടെ 26.3.14-ലെ A-176/2014/ KSBG നടപടി ക്രമങ്ങൾ പ്രകാരം ലോക്കൽ അസോസിയേഷനുകളുടെ രജിസ്ട്രേഷൻ/പുതുക്കൽ ഫീ പ്രതിവർഷം അൻപതു രൂപയും ജില്ലാ അസോസിയേഷന്റേത് നൂറു രൂപയുമാണ്. 163 ലോക്കൽ അസോസിയേഷനുകളും 42 ജില്ലാഅസോസിയേഷനുകളും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സിൻെറ അധികാരപരിധിയിലുണ്ട്. മേൽ ഉത്തരവ് പ്രകാരം 163x50+42x100= 12350/-രൂപ രജിസ്ട്രേഷൻ/പുതുക്കൽ ഫീ ഇനത്തിൽ ലഭിക്കേണ്ട സ്ഥാനത്ത് അക്കൗണ്ട്സ് പ്രകാരം 850/-രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 10 ന് ലഭ്യമാക്കിയ മറുപടിയിൽ ആലുവ, തിരുവല്ല, നെയ്യാറ്റിൻകര ജില്ലാ അസോസിയേഷനുകളൊഴികെ ഒരു ജില്ലാ/ലോക്കൽ അസോസിയേഷനും രജിസ്ട്രേഷൻെറ തുകയടച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച് ജില്ലകൾക്ക് നോട്ടിസ് നൽകിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം ജില്ലയ്ക്ക് നൽകാനുള്ള ടോക്കൺ ഫ്ലാഗ് ഷെയറിൽ നിന്നും ജില്ലാ ലോക്കൽ അസോസിയേഷൻ രജിസ്ട്രേഷൻ തുക ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. രജിസ്ട്രേഷൻ തുക അടയ്ക്കാത്ത ജില്ലകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ പങ്കെടുക്കുന്നുണ്ടോ, ഇലക്ഷനിൽ മത്സരിക്കുന്നുണ്ടോ എന്ന നിലയിലുള്ള പരിശോധന ഇതുവരെ നടത്തിയിട്ടില്ലായെന്നും എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നു.

ജില്ല/ലോക്കൽ അസോസിയേഷനുകളുടെ രജിസ്ട്രേഷൻ/പുതുക്കൽ ഫീസിനത്തിലുള്ള കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-13 ഡോർമെറ്ററി സേവനങ്ങൾക്ക് വാടക- രേഖകൾ അവ്യക്തം

സംസ്ഥാനകാര്യാലയത്തിലെ ഡോർമെറ്ററി സേവനങ്ങൾക്കുള്ള ഫീസ് സ്റ്റേറ്റ് സെക്രട്ടറിയുടെ 26.3.14 ലെ A-176/2014/KSBSG ഉത്തരവ് പ്രകാരം സർക്കാർ/ എയ്ഡഡ്/ ഗവ. അംഗീകൃത അൺഎയിഡഡ് സ്കൂൾ കുട്ടികളുടേത് 1000/-രൂപയും മറ്റുള്ളവരുടേത് 2000/-രൂപയുമാണ്. കൂടാതെ വ്യക്തികൾ-സ്കൗട്ടർ, ഗൈഡർ എന്നിവർക്ക് അൻപത് രൂപയും പ്രാഥമിക ആവശ്യങ്ങൾക്ക് ഇരുപത് രൂപയുമാണ്. മുൻകൂട്ടി ബുക്ക് ചെയ്തവർക്കു മാത്രമേ ഡോർമെറ്ററി സൗകര്യം ലഭ്യമാകുവെന്നിരിക്കെ ബുക്കിംഗിനെ സംബന്ധിച്ച രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷം ഡോർമെറ്ററി സൗകര്യം ബുക്ക് ചെയ്തവരുടെ വിശദാംശം, ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, തുക ഈടാക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10-ന് നൽകിയ മറുപടിയിൽ ഡോർമെറ്ററി ബുക്കിംഗിന് ഉപയോഗിച്ചിരുന്ന ഡയറി 2016ലേത് കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും 2017 ജനുവരി മുതലുള്ളത് ലഭ്യമാണെന്നും അറിയിച്ചിരിക്കുന്നു. ചില ബുക്കിംഗുകൾ ക്യാൻസൽ ചെയ്യാറുണ്ടെന്നും 287200/- രൂപയാണ് ഡോർമെറ്ററി വാടകയിനത്തിൽ തൻവർഷം ലഭിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ഡോർമെറ്ററി ഉപയോഗിച്ചവരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ബുക്കിംഗിനെ സംബന്ധിച്ച വിശദാംശം, ബുക്ക് ചെയ്തവർ ഡോർമെറ്ററി സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയവ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിനായിട്ടില്ല. ബുക്കിംഗിനെ സംബന്ധിക്കുന്ന രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-14 ലോഗ് ബുക്ക് വില്പന - വരവ് അക്കൗണ്ട് ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം

സ്കൗട്ട്സ് & ഗൈഡ്സ് പ്രോഗ്രസ് ലോഗ് ബുക്കിന്റെ 32,000 കോപ്പികൾ 19,20,000/- രൂപ (ചെക്ക് നമ്പർ 357278/8.12.16) ചെലവഴിച്ച് പ്രിന്റ് ചെയ്ത് വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു.

*(എ) ജില്ലകൾ മുൻകൂറായി അധികം തുകയടച്ചു.*

സ്റ്റോക്ക് രജിസ്റ്റർ പേജ് 133, 134, 135 പ്രകാരം മുൻപ് സ്റ്റോക്കിലുണ്ടായിരുന്ന 612 ലോഗ് ബുക്കുകൾ 90രൂപ നിരക്കിലും പുതുതായി പ്രിന്റ് ചെയ്ത 31998എണ്ണം (2 എണ്ണം free issue) 63രൂപ നിരക്കിലും വിതരണം ചെയ്തു. ഇപ്രകാരം തൻവർഷം ലഭ്യമാകേണ്ട തുക 612x90+31998x63 = 20,70,954/-രൂപ. പ്രസ്തുത തുകയിൽ 1,42,780/-രൂപ തിരികെ കിട്ടാനുണ്ട്. ഈ തുക കുറച്ചാൽ 19,28,174/- രൂപ. എന്നാൽ അക്കൗണ്ട്സിൽ ലോഗ് ബുക്ക് വരവിനത്തിലുള്ള തുക 22,63,550/- രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടതിന് ഏതാനും ജില്ലകൾ 63രൂപയ്ക്ക് പകരം മുൻവർഷത്തെ വില്പന വിലയായ 90 രൂപ നിരക്കിൽ മുൻകൂറായി അടച്ചതിനാൽ 3,35,376/- രൂപ

